# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 351 — 23.01.2018 — ൽ മറുപടിക്ക്

**നാലു ചക്ര വാഹനമുണ്ടായിരുന്ന ഉപഭോക്താക്കൾക്ക് ബി.പി.എൽ ആനുകൂല്യം നിഷേധിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി. : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) നാലു ചക്ര വാഹനമുണ്ടായിരുന്ന ഉപഭോക്താക്കൾ അവരുടെ വാഹനം കൈമാറ്റം ചെയ്തിട്ടുള്ള സാഹചര്യത്തിലും ആർ.ടി.ഒ. രേഖകളിൽ പേരു നില നിൽക്കുന്നതിനാൽ വാഹനം വാങ്ങിയ ആൾ രജിസ്റ്റർ ചെയ്ത ആർ. ടി. ഒ ഓഫീസിൽ നിന്നും രേഖകൾ വാങ്ങി ഹാജരാക്കിയാൽ മാത്രമേ റേഷൻ സബ്സിഡിയ്ക്ക് അർഹരാവൂ എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ആധികാരിക രേഖകൾ അടിസ്ഥാനപ്പെടുത്തിയാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. വാഹനം കൈമാറ്റം ചെയ്തവർ അതിനുള്ള രേഖകൾ ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്. |
| (ബി) വാഹനത്തിന്റെ നിലവിലുള്ള ഉടമയെക്കുറിച്ചുള്ള വിവരങ്ങൾ വളരെ എളുപ്പത്തിൽ ലഭ്യമാകാമെന്നിരിക്കെ അത്തരം വിവരങ്ങളുടെ അടിസ്ഥാനത്തിൽ റേഷൻ അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ